## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.52. 11.06.2013 ൽ മറുപടിയ്ക്ക്

<u>ട്രാഫിക് നിയമ ക്ലാസ്സ്</u>

| ചോദ്യം<br>ശ്രീ. വി. എ. മാധവൻ<br>,, അൻവർ സാദത്ത്<br>,, വി. റ്റി. ബൽറാം<br>,, ആർ. സെൽവരാജ് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപ് ട്രാഫിക് നിയമങ്ങളിൽ ക്ലാസ്സ് നിർബന്ധമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ; | (എ) | ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപ് ഗതാഗത നിയമങ്ങൾ സംബന്ധിച്ച് പ്രീ ഡ്രൈവർ ടെസ്റ്റ് പരിശീലനം നൽകിവരുന്നുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ നടപ്പാക്കിവരുന്ന റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യസംഘടന ആഹ്വാനം ചെയ്ത പരിപാടി നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഇത്തരത്തിലൊരു പരിപാടി തുടങ്ങിയത്.<br>സുരക്ഷയിലൂന്നിയ ഒരു ഡ്രൈവിംഗ് സംസ്കാരം വളർത്തുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. ഇതിലേക്കായി തെറ്റായ രീതിയിൽ മനസ്സിലാക്കിയ അറിവുകളെ തിരുത്തുവാൻ പ്രീ ഡ്രൈവർ ടെസ്റ്റ് പരിശീലനം ലക്ഷ്യം വെയ്ക്കുന്നു. ശരിയായ ഡ്രൈവർ പരിശീലനം നൽകുക, സുരക്ഷയിലൂന്നിയ ഡ്രൈവിംഗ് ശീലമാക്കുക, റോഡ് സുരക്ഷ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ബോധവൽക്കരണം നടത്തുക, റോഡ് സുരക്ഷ പ്രോൽസാഹിപ്പിക്കുക, ശരിയായ ഡ്രൈവിംഗ് നിയമങ്ങളെപ്പറ്റി പരിശീലനം |

| | | |
|---|---|---|
| | | നൽകുന്നത് വഴി നല്ലൊരു ഡ്രൈവറാക്കി മാറ്റുക എന്നിവയാണ് മറ്റ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) ഇതിനായി സ്ഥിരം സമിതിയെ നിയോഗിക്കുന്ന കാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ; | (സി) | നിലവിൽ റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹായത്തോടെ ലൈസൻസിംഗ് അതോറിറ്റികൾ വേണ്ട വിധം പ്രവർത്തിക്കുന്നുണ്ട്. ഇതിനായി സ്ഥിരം സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | പ്രസ്തുത പരിപാടി നടപ്പിൽ വരുത്തുന്നതിലേക്കായി എല്ലാ ലേണേഴ്സ് ലൈസൻസ് അപേക്ഷകരേയും ഉൾക്കൊള്ളിച്ച് കൊണ്ട് ആഴ്ചതോറും രണ്ട് മണിക്കൂർ നേരത്തേക്കുള്ള പരിശീലന പരിപാടിയ്ക്ക് സിലബസ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഒരു പഠനസഹായിയും പുറത്തിറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.